സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

### കെ.എസ്.ആർ.ടി.സി ബസ് മറിഞ്ഞ് പെൺകുട്ടിക്ക് ദാരുണാന്ത്യം

ഇടുക്കി: കോതമംഗലത്തിനടുത്ത് നേര്യമംഗലത്ത് കെഎസ്ആർടിസി ബസ് താഴ്ചയിലേക്ക് മറിഞ്ഞ് പെൺകുട്ടിക്ക് ദാരുണാന്ത്യം. കീരിത്തോട് സ്വദേശിനിയായ അനീറ്റ ബെന്നിയാണ് മരിച്ചത്. മണിയമ്പാറ ഭാഗത്താണ് അപകടമുണ്ടായത്. 15 ഓളം പേർക്ക് ഗുരുതരമല്ലാത്ത പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

ഊന്നുകൽ പോലീസ് സ്റ്റേഷൻ പരിധിയിലാണ് അപകടം ഉണ്ടായത്. കട്ടപ്പനയിൽ നിന്ന് എറണാകുളത്തേക്ക് പോകുകയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്. പരിക്കേറ്റവരെ സമീപത്തെ ആശുപത്രിയിലേക്ക് മാറ്റി. 20 അടി താഴ്ചയിലേക്കാണ് ബസ് മറിഞ്ഞത്. ബസിന് മുൻവശത്തെ സീറ്റിലിരുന്ന പെൺകുട്ടി അപകട സമയം ചില്ല് തകർത്ത് പുറത്തേക്ക് വീഴുകയായിരുന്നുവെന്നാണ് വിവരം.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാല്യം: 60 | ലക്കം: 35 | 2025 ഏപ്രിൽ 15 ചൊവ്വ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

# കേന്ദ്രത്തോട് പോരിനുറച്ച് സ്റ്റാലിൻ

## തമിഴ്നാടിന് സ്വയംഭരണാവകാശം, ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചു

ചെന്നൈ: ഭാഷയും വിദ്യാഭ്യാസവുമുൾപ്പെടെ തമിഴ്നാടിന് കൂടുതൽ വിഷയങ്ങളിൽ സ്വയംഭരണാവകാശം നേടാനുള്ള നീക്കവുമായി മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. ഇതു സംബന്ധിച്ചുള്ള പ്രമേയം അദ്ദേഹം ഇന്നലെ നിയമസഭയിൽ അവതരിപ്പിച്ചു. സംസ്ഥാനത്തിന്റെ സ്വയംഭരണാവകാശത്തിനുള്ള വ്യവസ്ഥകളും നിർദേശങ്ങളും ശുപാർശ ചെയ്യാൻ സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫിന്റെ അധ്യക്ഷതയിൽ ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചു. ഗവർണർ ആർ. എൻ. രവിയുമായുള്ള അഭിപ്രായഭിന്നതകളും കേന്ദ്രസർക്കാരുമായുള്ള സ്വരച്ചേർയില്ലായ്മയും തുടരുന്നതിനിടെയാണ് സ്റ്റാലിന്റെ നീക്കം.

സംസ്ഥാനത്തിന്റെ അവകാശങ്ങൾ കവരുന്നതിനെതിരായ പോരാട്ടം ശക്തമാക്കുമെന്ന് സ്റ്റാലിൻ സഭയിൽ പറഞ്ഞു. സംസ്ഥാനത്തിന്റെ പരിധിയിലുണ്ടായിരുന്നതും പിന്നീട് കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റിയതുമായ വിഷയങ്ങൾ സംസ്ഥാനസർക്കാരിന്റെ കീഴിലേക്ക് തിരികെ കൊണ്ടുവരുന്നതുൾപ്പെടെ കമ്മിറ്റിയോട് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. രാജ്യത്തെ സംസ്ഥാനങ്ങളുടെ അഖണ്ഡതയെ ബാധിക്കാത്ത വിധത്തിൽ ഈ കമ്മിറ്റി നിയമങ്ങൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യും. സംസ്ഥാനങ്ങൾ കേന്ദ്രത്തിനുകീഴിൽ നിൽക്കേണ്ടവയല്ല, പരസ്പരബഹുമാനത്തോടെ, ചില തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കേണ്ടതെന്നും സ്റ്റാലിൻ പറഞ്ഞു.



മുൻ ഐഎഎസ് ഉദ്യോഗസ്ഥരായ അശോക് വർധൻ ഷെട്ടിയും മു രാജേന്ദ്രനും സമിതിയിലുണ്ടാകുമെന്നാണ് സൂചന. 2026 ജനുവരിയോടെ ഇടക്കാല റിപ്പോർട്ടും രണ്ട് വർഷത്തിനുള്ളിൽ അന്തിമറിപ്പോർട്ടും കമ്മിറ്റി സമർപ്പിക്കും. സംസ്ഥാനത്തിന്റെ അവകാശങ്ങൾ പുനഃസ്ഥാപിക്കാൻ സമിതിയുടെ ശുപാർശ നടപ്പാക്കും. 1974-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ കരുണാനിധി സ്വയംഭരണാവകാശം സംബന്ധിച്ച പ്രമേയം അവതരിപ്പിച്ചിരുന്നു.

ഭാഷയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രമേയവും സഭയിൽ അവതരിപ്പിച്ചു. കേന്ദ്രസർക്കാരിന്റെ പരിധിയിൽ വരുന്ന നീറ്റ് പരീക്ഷയിൽനിന്ന് തമിഴ്നാടിനെ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥയും കമ്മിറ്റി പരിശോധിക്കും. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ത്രിഭാഷ ഫോർമുലയുൾപ്പെടെ സ്വീകരിക്കാതിരിക്കാനുള്ള വ്യവസ്ഥകളാണ് സ്റ്റാലിൻ തേടുന്നത്.

## റോബർട്ട് വാദ്രക്ക് വീണ്ടും ഇഡി നോട്ടീസ്

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ ഭർത്താവും വ്യവസായിയുമായ റോബർട്ട് വാദ്രയ്ക്ക് വീണ്ടും ഇഡി നോട്ടീസ്. ഷിക്കോപൂർ ഭൂമി ഇടപാടുമായി ബന്ധപ്പെട്ടാണ് വീണ്ടും ഹാജരാകാൻ നിർദേശം ന ൽകിയിരിക്കുന്നത്. റോബർട്ട് വാദ്ര ഇന്ന് തന്നെ ഹാജരായേക്കുമെന്നാണ് വിവരം.

ഇതിന് മുമ്പ് 11 തവണ 70 മണിക്കൂറിലധികം റോബർട്ട് വാദ്രയെ ഇഡി ചോദ്യം ചെയ്തിരുന്നു. വീണ്ടും പലതവണ നോട്ടീസ് നൽകിയിരുന്നെങ്കിലും ഹാജരായിരുന്നില്ല. ലണ്ടൻ, രാജസ്ഥാൻ, ഡൽഹി എന്നിവിടങ്ങളിൽ അനധികൃത സ്വത്ത് സമ്പാദനം നടത്തിയെന്നാണ് വാദ്രയ്ക്കെതിരായ ആരോപണം. കള്ളപ്പണം വെളുപ്പിക്കുന്നതിലൂടെ ലണ്ടനിൽ ഏതാണ് 1.9 മില്യൺ ബ്രിട്ടീഷ് പൗണ്ട് വിലവരുന്ന ഭൂമി സ്വന്തമാക്കി.

## വിദേശ ജോലി വാ?ഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടി, ഒളിവിൽ കഴിഞ്ഞത് പഞ്ചാബിൽ; പ്രതി പിടിയിൽ



കട്ടപ്പന: വിദേശ ജോലി വാഗ്ദാനം ചെയ്ത് പലരിൽ നിന്നായി ലക്ഷങ്ങൾ തട്ടിയ മാട്ടുക്കട്ട സ്വദേശിയെ പഞ്ചാബിൽ നിന്നും കട്ടപ്പന പോലീസ് അറസ്റ്റ് ചെയ്തു. മാട്ടുക്കട്ട മാട്ടയിൽ ജിനുമോൻ ജോൺസൺ (39) ആണ് പിടിയിലായത്.

മാട്ടുക്കട്ടയിൽ ജനസേവന കേന്ദ്രം നടത്തിയിരുന്ന പ്രതി പലരിൽ നിന്നായി വിദേശ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങളാണ് തട്ടിച്ചത്. കട്ടപ്പന പോലീസ് പ്രതിക്കെതിരെ നാലു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉപ്പുതറ സ്റ്റേഷനിലും സമാന സംഭവത്തിൽ കേസുകളുണ്ട്. ഇയാൾ പഞ്ചാബിലുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് മൊഹാലിയിൽ നിന്നും പിടികൂടിയത്.

# മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി വീണ്ടും കണ്ണൂരിൽ ക്യാപ്റ്റനാകുമ്പോൾ



കണ്ണൂർ: കണ്ണൂരിൽ സിപിഎമ്മിനെ നയിക്കാൻ ഒരിക്കൽ കൂടി മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രൈവറ്റ് സെക്രട്ടറി എത്തുകയാണ്. നിലവിൽ സ്ഥാനമൊഴിഞ്ഞ ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ ഈ സ്ഥാനത്തേക്കെത്തിയത് മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ആയിരിക്കുമ്പോഴാണ്. ഇപ്പോൾ അദ്ദേഹത്തിന് പകരക്കാനായി കെ.കെ. രാഗേഷ് എത്തുന്നതും ഇതേ പദവിയിൽനിന്നു തന്നെ. പാർട്ടിയുടെ ശക്തി കേന്ദ്രത്തിൽ മുഖ്യമന്ത്രി പിണറായി വിജയനുള്ള ആധിപത്യംകൂടിയാണ് പുതിയ നിയമനത്തിലൂടെ വ്യക്തമാകുന്നത്. ജില്ലാ കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത മുഖ്യമന്ത്രി തന്നെയാണ് രാഗേഷിന്റെ പേര് സെക്രട്ടറി സ്ഥാനത്തേക്ക് നിർദേശിച്ചതെന്നാണ് വിവരം. എം. പ്രകാശ്, ടി.വി. രാജേഷ് എന്നിവരുടെ പേരും പരിഗണനയിലുണ്ടായിരുന്നു. എന്നാൽ മുഖ്യമന്ത്രി രാഗേഷിന്റെ പേര് നിർദേശിച്ചതോടെ എതിർപ്പുകളെല്ലാം മാറിനിന്നു.

2019-ലാണ് എം.വി. ജയരാജൻ ജില്ലാ സെക്രട്ടറിയാകുന്നത്. പി. ജയരാജനെ മാറ്റിയായിരുന്നു എം.വി. ജയരാജന്റെ വരവ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ പി. ജയരാജൻ വടകരയിൽ സ്ഥാനാർഥി ആയതോടെയാണ് മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന എം.വി. ജയരാജൻ ജില്ലാ സെക്രട്ടറി സ്ഥാനത്തേക്കെത്തുന്നത്. പി. ജയരാജൻ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും അദ്ദേഹത്തിന് ജില്ലാ സെക്രട്ടറി സ്ഥാനത്തേക്ക് തിരിച്ചുവരാനായില്ല. എം.വി. ജയരാജൻ സ്ഥാനത്ത് തുടർന്നു. പിന്നീട് 2021-ലെ ജില്ലാ സമ്മേളനത്തിലും 2025-ലെ സമ്മേളനത്തിലും എം.വി. ജയാരജനെ തന്നെ തിരഞ്ഞെടുത്തു. ഇതിനിടയിൽ 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ എം.വി. ജയരാജൻ മത്സരിച്ചപ്പോൾ സെക്രട്ടറിയുടെ ചുമതല ടി.വി. രാജേഷിനായിരുന്നു. തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ ജയരാജന് സ്ഥാനം തിരിച്ചുകിട്ടി.

സംസ്ഥാന സെക്രട്ടറിയേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് എം.വി. ജയരാജന് ജില്ലാ സെക്രട്ടറി സ്ഥാനം ഒഴിയേണ്ടി വന്നത്. കെ.കെ. രാഗേഷ് ജില്ലാ സെക്രട്ടറി ആകുന്നതോടെ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഇനി ആരാകുമെന്നതാണ് ശ്രദ്ധേയം. ഇതിനെ കുറിച്ചുള്ള ചോദ്യത്തിന് ഇപ്പോൾ അതിനെക്കുറിച്ച് പറയുന്നില്ലെന്നാണ് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പ്രതികരിച്ചത്. 2021-ൽ രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയതിന് പിന്നാലെയാണ് മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി രാഗേഷ് എത്തുന്നത്.

സിപിഎം സംസ്ഥാന കമ്മിറ്റി അംഗമാണ് രാഗേഷ്. പാർലമെന്റിലെ മികച്ച പ്രവർത്തനത്തിന് പ്രൈം പോയിന്റ് ഫൗണ്ടേഷൻ സൻസദ് രത്ന പുരസ്കാരത്തിന് അർഹനായിട്ടുണ്ട്. നിയമ ബിരുദധാരിയായ രാഗേഷ് കിസാൻ സഭ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയാണ്. ഡൽഹിയിൽ കർഷകസമരത്തിന്റെ മുന്നണി പോരാളിയായിരുന്നു. എസ്എഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചു.

# അങ്ങനെ ചെയ്തിരുന്നെങ്കിൽ മുസ്ളീങ്ങൾക്ക് പഞ്ചർ ഒട്ടിക്കേണ്ടി വരില്ലായിരുന്നു; മോദിയുടെ പരാമർശത്തിൽ രൂക്ഷവിമർശനം

ന്യൂഡൽഹി: വഖഫ് സ്വത്തുക്കൾ സത്യസന്ധമായി ഉപയോഗിച്ചിരുന്നെങ്കിൽ മുസ്ളീം യുവാക്കൾക്ക് ജീവിക്കാൻ പഞ്ചർ ഒട്ടിക്കേണ്ടി വരില്ലായിരുന്നുവെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരാമർശത്തിൽ രൂക്ഷവിമർശനവുമായി പ്രതിപക്ഷ പാർട്ടികൾ. ഹരിയാനയിൽ ഒരു വിമാനത്താവളത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട പരിപാടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

'വഖഫ് സ്വത്തുക്കൾ സത്യസന്ധമായി ഉപയോഗിച്ചിരുന്നെങ്കിൽ മുസ്ളീം യുവാക്കൾക്ക് ഉപജീവനത്തിനായി സൈക്കിൾ പഞ്ചറുകൾ ഒട്ടിക്കേണ്ടി വരില്ലായിരുന്നു. ഈ സ്വത്തുക്കളിൽ നിന്ന് നേട്ടം കൊയ്തത് ഭൂമാഫിയ ആണ്. ദളിത്, പിന്നാക്ക വിഭാഗങ്ങൾ, വിധവകൾ എന്നിവരുടെ ഭൂമികൾ തട്ടിയെടുക്കുകയാണ് ഈ മാഫിയ ചെയ്തത്. വഖഫ് ബോർഡിന് കീഴിൽ ലക്ഷക്കണക്കിന് ഹെക്ടർ ഭൂമി ഉണ്ട്. എന്നാൽ ഈ ഭൂമികളും സ്വത്തുക്കളും പാവപ്പെട്ടവരെയും ആവശ്യക്കാരെയും സഹായിക്കാൻ ശരിയായ രീതിയിൽ ഉപയോഗിച്ചിട്ടില്ല.



വഖഫ് നിയമത്തിലൂടെ സാമൂഹിക നീതിയാണ് കേന്ദ്ര സർക്കാർ നടപ്പാക്കുന്നത്. ഭേദഗതികൾ വരുത്തി വഖഫ് നിയമത്തിൽ പുതിയ മാറ്റമുണ്ടായതോടെ ഭൂമി കൊള്ളയും അവസാനിക്കും. ദരിദ്രരെ കൊള്ളയടിക്കുന്നതും അവസാനിക്കും. പുതിയ വഖഫ് നിയമപ്രകാരം ഒരു ആദിവാസിയുടെ ഭൂമിയോ സ്വത്തോ വഖഫ് ബോർഡിന് തൊടാൻ കഴിയില്ല. പാവപ്പെട്ട മുസ്ലീങ്ങൾക്ക് അവരുടെ അവകാശങ്ങൾ ലഭിക്കും. ഇതാണ് യഥാർത്ഥ സാമൂഹിക നീതി'- എന്നായിരുന്നു മോദി പ്രസംഗിച്ചത്.

മോദിയുടെ പരാമർശത്തിനെതിരെ രൂക്ഷ പ്രതികരണവുമായി രംഗത്തെത്തിയിരിക്കുകയാണ് എഐഎംഐഎം മേധാവിയും ഹൈദരാബാദ് എംപിയുമായ അസാദുദ്ദീൻ ഒവൈസി. ആർഎസ്എസ് തങ്ങളുടെ ആശയങ്ങൾ രാജ്യ താത്പര്യങ്ങൾക്കായി ഉപയോഗിച്ചിരുന്നെങ്കിൽ പ്രധാനമന്ത്രിക്ക് കുട്ടിക്കാലത്ത് ചായ വിൽക്കേണ്ടി വരില്ലായിരുന്നുവെന്നാണ് ഒവൈസി തിരിച്ചടിച്ചത്. 11 വർഷം അധികാരത്തിലിരുന്നപ്പോൾ പാവപ്പെട്ട ഹിന്ദുക്കൾക്കും മുസ്ളീങ്ങൾക്കും വേണ്ടി മോദി സർക്കാർ എന്തു ചെയ്തുവെന്നും ഒവൈസി ചോദിച്ചു.

കോൺഗ്രസിന്റെ രാജ്യസഭാ എംപി ഇമ്രാൻ പ്രതാപ്ഗാർഹിയും മോദിക്കെതിരെ രംഗത്തെത്തി. 'മുസ്ളീങ്ങൾ പഞ്ചർ നന്നാക്കുന്നുവെന്നത് ട്രോളുകളിൽ ഉപയോഗിക്കുന്ന ഭാഷയാണ്. ഒരു പ്രധാനമന്ത്രി ഇത്തരം ഭാഷ ഉപയോഗിക്കാൻ പാടില്ല. നിങ്ങൾ യുവാക്കളെയും ഇതിലേയ്ക്ക് വലിച്ചിഴച്ചു. ഇവിടെ തൊഴിൽ ഇല്ല. പഞ്ചർ നന്നാക്കുക മാത്രമാണ് ഏക ആശ്രയം. മുസ്ളീങ്ങൾ പഞ്ചർ നന്നാക്കുക മാത്രമല്ല ചെയ്യുന്നത്, മുസ്ളീങ്ങൾ എന്തൊക്കെ ചെയ്തുവെന്ന് എനിക്ക് എണ്ണിപ്പറയാനാകും'- എന്നായിരുന്നു എംപിയുടെ പ്രതികരണം.

കോൺഗ്രസിനെയും പ്രധാനമന്ത്രി കഴിഞ്ഞദിവസം പ്രസംഗത്തിനിടെ വിമർശിച്ചിരുന്നു. 'ഡോ. അംബേദ്കർ ഭരണഘടനയുടെ സംരക്ഷകനായിരുന്നു. പക്ഷേ കോൺഗ്രസ് ഭരണഘടനയെ തകർക്കുകയാണ് ചെയ്തത്. കോൺഗ്രസ് വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ വൈറസ് പ്രചരിപ്പിക്കുന്നു.'- എന്നായിരുന്നു മോദി പറഞ്ഞത്.

# അതിരപ്പിള്ളിയിലേത് അസാധാരണ മരണങ്ങൾ; കാരണം സ്ഥിരീകരിക്കേണ്ടതുണ്ട്: വനം വകുപ്പ് മന്ത്രി

തൃശ്ശൂർ: തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ രണ്ട് പേർ കൊല്ലപ്പെട്ട സംഭവത്തിൽ മരണകാരണം സ്ഥിരീകരിക്കേണ്ടതുണ്ടെന്ന് വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ. മന്ത്രിയുടെ നിർദേശമനുസരിച്ച്പ്രാഥമിക അന്വേഷണം ആരംഭിച്ചതായി വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ അറിയിച്ചു.

മന്ത്രി പുറത്തുവിട്ട വാർത്താക്കുറിപ്പിൽ അതിരപ്പിള്ളിയിലേത് 'അസാധാരണ മരണങ്ങൾ' എന്നാണ് വിശേഷിപ്പിച്ചത്. മരണകാരണം സ്ഥിരീകരിക്കേണ്ടതുണ്ടെന്നും പോസ്റ്റ്മോർട്ടത്തിന് ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി.

തൃശ്ശൂർ അതിരപ്പിള്ളി പ്രദേശത്തും സമീപ പ്രദേശത്തും വന മേഖലയിൽ ഉണ്ടായ അസാധാരണ മരണങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് മന്ത്രി എ കെ ശശീന്ദ്രൻ നിർദേശം നൽകി.

തൃശ്ശൂർ വാഴച്ചാൽ ഉന്നതിയിലെ സതീഷ്, അംബിക ദമ്പതികൾ കഴിഞ്ഞ മൂന്ന് ദിവസമായി കാട്ടിനകത്തു കുടിൽ കെട്ടി തേൻ ശേഖരിച്ചു വരികയാരുന്നു. രണ്ടു പേരെയും കാണാനില്ലെന്ന വിവരം ലഭിച്ചതിനെ തുടർന്ന് വനം സ്റ്റാഫ് സ്ഥലത്തെത്തി പരിശോധിച്ചതിൽ, സംശയാസ്പദമായ സാഹചര്യത്തിൽ സതീശന്റെ മൃതദേഹം കണ്ടെത്തി. അംബികയുടെ ശരീരം പോലീസ് എത്തി പുഴയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. പോലീസ് അന്വേഷിച്ചു വരുന്നു. മരണകാരണം സ്ഥിരീകരിക്കേണ്ടതുണ്ട്. പോസ്റ്റുമോർട്ടത്തിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വാഴച്ചാൽ സ്വദേശികളായ അംബിക(30), സതീഷ്(34) എന്നിവരാണ് മരിച്ചത്. അതിരപ്പിള്ളിക്കും വാഴച്ചാലിനും ഇടയ്ക്കുള്ള വഞ്ചിക്കടവിലാണ് സംഭവം. കഴിഞ്ഞ ദിവസം വനവിഭവങ്ങൾ ശേഖരിക്കാൻ കാട്ടിൽ പോയതായിരുന്നു ഇവർ. നാലംഗ സംഘമാണ് കാട്ടിലേക്ക് പോയത്.

താൽക്കാലികമായി ഒരു ഷെഡ് പണിതാണ് അവർ അവിടെ വിശ്രമിച്ചിരുന്നത്. കാട്ടാന വന്നപ്പോൾ നാല് പേരും ചിതറിയോടിയെങ്കിലും അംബികയും സതീഷും കാട്ടാനയുടെ മുന്നിൽപെടുകയായിരുന്നുവെന്നാണ് രക്ഷപ്പെട്ടവർ പറയുന്നത്. ഇന്ന് രാവിലെ നടത്തിയ തിരച്ചിലിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. അംബികയുടെ മൃതദേഹം ചാലക്കുടി പുഴയിൽ നിന്നാണ് കണ്ടെത്തിയത്. സതീഷിന്റെ മൃതദേഹം പാറയിൽ കിടക്കുന്ന നിലയിലായിരുന്നു.

# നടൻ ടൊവിനോ, നടിമാരായി നസ്രിയയും റിമയും; 2024-ലെ ഫിലിം ക്രിട്ടിക്സ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



തിരു : 48-ാമത് സംസ്ഥാന ഫിലിം ക്രിട്ടിക്സ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ARM, അന്വേഷിപ്പിൻ കണ്ടെത്തും എന്നീ ചിത്രങ്ങളിലെ പ്രകടനത്തിലൂടെ ടൊവിനോ തോമസ് മികച്ച നടനായും സൂക്ഷ്മദർശിനിയിലൂടെ നസ്രിയ നസീമും തിയേറ്റർ-ദ മിത്ത് ഓഫ് റിയാലിറ്റിയിലൂടെ റിമ കല്ലിങ്കലും നടിമാരായി തിരഞ്ഞെടുക്കപ്പെട്ടു. ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത ഫെമിനിച്ചി ഫാത്തിമയാണ് മികച്ച ചിത്രം. അപ്പുറം എന്ന ചിത്രത്തിലൂടെ ഇന്ദുലക്ഷ്മി മികച്ച സംവിധായികയുമായി. ഡോ. ജോർജ് ഓണക്കൂർ ആയിരുന്നു ജൂറി ചെയർമാൻ.

ചലച്ചിത്ര രചനാ രംഗത്ത് 50 വർഷം പൂർത്തിയാക്കിയ ചലച്ചിത്ര നിരൂപകനും എഴുത്തുകാരനുമായ വിജയകൃഷ്ണനാണ് ചലച്ചിത്ര രത്നം ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്. നടൻ ജഗദീഷിനാണ് റൂബി ജൂബിലി അവാർഡ്. നടി സീമ, ബാബു ആന്റണി, സുഹാസിനി, ഛായാഗ്രാഹകനും സംവിധായകനുമായ വിപിൻ മോഹൻ, നിർമ്മാതാവ് ജൂബിലി ജോയ് തോമസ്, സംഘട്ടനസംവിധായകൻ ത്യാഗരാജൻ എന്നിവർക്കാണ് ചലച്ചിത്ര പ്രതിഭാ പുരസ്കാരങ്ങൾ.

**മറ്റുപുരസ്കാരങ്ങൾ**

മികച്ച രണ്ടാമത്തെ ചിത്രം: സൂക്ഷ്മദർശിനി.രണ്ടാമത്തെ ചിത്രത്തിന്റെ സംവിധായകൻ: എം.സി ജിതിൻ. സഹനടൻ: സൈജു കുറുപ്പ് (ഭരതനാട്യം), അർജുൻ അശോകൻ(ആനന്ദ് ശ്രീബാല). സഹനടി: ഷംല ഹംസ (ഫെമിനിച്ചി ഫാത്തിമ)

സ്പെഷ്യൽ ജൂറി പുരസ്കാരങ്ങൾ: ജാഫർ ഇടുക്കി, ഹരിലാൽ, പ്രമോദ് വെളിയനാട്. ബാലതാരം (ആൺ) : മാസ്റ്റർ ഏയ്ഞ്ചലോ ക്രിസ്റ്റ്യാനോ (കലാം STD V-B). ബാലതാരം (പെൺ): ബേബി മെലീസ (കലാം STD V-B). തിരക്കഥ : ഡോൺ പാലത്തറ, ഷെറിൻ കാതറിൻ (ഫാമിലി)മികച്ച ഗാനരചയിതാവ്: വാസു അരീക്കോട് (രാമുവിന്റെ മനൈവികൾ), വിശാൽ ജോൺസൺ (പ്രതിമുഖം). സംഗീത സംവിധായകൻ: രാജേഷ് വിജയ് (മായമ്മ) പിന്നണി ഗായകൻ: മധു ബാലകൃഷ്ണൻ (ഓം സ്വസ്തി...ചിത്രം: സുഖിനോ ഭവന്തു) ഗായിക: വൈക്കം വിജയലക്ഷ്മി (അങ്ങ് വാനക്കോണിൽ – എആർഎം), ദേവാനന്ദ ഗിരീഷ് (നാടിനിടയാനാ – സുഖ്നോ ഭവന്തു). ഛായാഗ്രഹണം: ദീപക് ഡി. മേനോൻ (കൊണ്ടൽ). ഫിലിം എഡിറ്റർ: കൃഷാന്ത് (സന്തർഷ ഖതാന). ശബ്ദം: റസൂൽ പൂക്കുട്ടി, ലിജോ എൻ. ജെയിംസ്, റോബിൻ കുഞ്ഞുകുട്ടി (വടക്കൻ). കലാസംവിധാനം: ഗോകുൽ ദാസ് (ARM)

മേക്കപ്പ് മാൻ: ഗുർപ്രീത് കൗർ, ഭൂബാലൻ മുരളി (ബറോസ് ദ ഗാർഡിയൻ ഓഫ് ട്രഷർ). കോസ്റ്റ്യൂമർ: ജ്യോതി മദ്നാനി സിംഗ് (ബറോസ് ദ ഗാർഡിയൻ ഓഫ് ട്രഷർ). ജനപ്രിയ ചിത്രം വർഷം: ARM, (സംവിധാനം: ജിതിൻ ലാൽ)

മികച്ച കുട്ടികളുടെ ചിത്രം: കലാം STD V-B (സംവിധാനം: ലിജോ മിത്രൻ മാത്യു), സ്ഥാനാർത്ഥി ശ്രീക്കുട്ടൻ (സംവിധാനം വിനീഷ് വിശ്വനാഥ്). മികച്ച സ്ത്രീകളുടെ ചിത്രം: ഹെർ (സംവിധാനം ലിജിൻ ജോസ്)

മികച്ച ദേശീയോദ്ഗ്രഥന ചിത്രം: നജസ് (സംവിധാനം:ശ്രീജിത്ത് പോയിൽക്കാവ്),. മികച്ച പരിസ്ഥിതി ചിത്രം : 1.ആദച്ചായി (സംവിധാനം ഡോ ബിനോയ് എസ് റസൽ) 2. ദ് ലൈഫ് ഓഫ് മാൻഗ്രോവ് (സംവിധാനം: എൻ. എൻ. ബൈജു) സാമൂഹികപ്രസക്തിയുള്ള ചിത്രം: 1. പ്രതിമുഖം (സംവിധാനം വിഷ്ണു വർധൻ), 2. ജീവൻ (സംവിധാനം:വിനോദ് നാരായണൻ) 3. ഇഴ (സംവിധാനം സിറാജ് റേസ)

മികച്ച സോദ്ദേശ്യ ചിത്രം: മഷിപ്പച്ചയും കല്ലുപെൻസിലും (സംവിധാനം എം.വേണുകുമാർ),സ്വർഗം (സംവിധാനം രജിസ് ആന്റണി). മികച്ച സംസ്കൃതചിത്രം: ഏകാകി (സംവിധാനം പ്രസാദ് പാറപ്പുറം), ധർമയോദ്ധാ (സംവിധാനം ശ്രുതി സൈമൺ). മികച്ച അന്യഭാഷാ ചിത്രം: അമരൻ (നിർമ്മാണം രാജ്കമൽ ഇന്റർനാഷനൽ, സംവിധാനം രാജ്കുമാർ പെരിയസാമി) പ്രത്യേക ജൂറി പുരസ്കാരം: സംവിധാനം: ഷാൻ കേച്ചേരി (ചിത്രം സ്വച്ഛന്ദ മൃത്യു)

അഭിനയം: ഡോ.മനോജ് ഗോവിന്ദൻ (ചിത്രം നജസ്), ആദർശ് സാബു (ചിത്രം:ശ്വാസം), ശ്രീകുമാർ ആർ നായർ (ചിത്രം നായകൻ പൃഥ്വി),സതീഷ് പേരാമ്പ്ര (ചിത്രം പുതിയ നിറം). തിരക്കഥ : അർച്ചന വാസുദേവ് (ചിത്രം: ഹെർ). മികച്ച നവാഗത പ്രതിഭകൾ :. സംവിധാനം : വിഷ്ണു കെ മോഹൻ (ചിത്രം: ഇരു നിറം). അഭിനയം : നേഹ നസ്നീൻ (ചിത്രം ഖൽബ്)

കേരളത്തിൽ സംസ്ഥാന അവാർഡ് കഴിഞ്ഞാൽ അപേക്ഷ ക്ഷണിച്ച് ജൂറി കണ്ട് നിർണയിക്കുന്ന ഒരേയൊരു ചലച്ചിത്രപുരസ്കാരമാണിത്. 80 ചിത്രങ്ങളാണ് ഇക്കുറി അപേക്ഷിച്ചത്. അസോസിയേഷൻ പ്രസിഡന്റും ജൂറി ചെയർമാനുമായ ഡോ.ജോർജ്ജ് ഓണക്കൂറും ജനറൽ സെക്രട്ടറി തേക്കിൻകാട് ജോസഫുമാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

## മാസപ്പടി കേസ്: എസ്എഫ്ഐഒ കുറ്റപത്രത്തിന്റെ പകർപ്പ് ഇഡിക്ക് കൈമാറും; നിർദേശിച്ച് കോടതി



കൊച്ചി: മുഖ്യമന്ത്രിയുടെ മകൾ വീണ വിജയൻ പ്രതിയായ മാസപ്പടി കേസിൽ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്.എഫ്.ഐ.ഒ) സമർപ്പിച്ച കുറ്റപത്രം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇഡി) കൈമാറും. എറണാകുളം അഡീഷണൽ സെഷൻസ് കോടതിയുടേതാണ് നിർദേശം. കുറ്റപത്രം ആവശ്യപ്പെട്ട് ഇഡി അപേക്ഷ നൽകിയിരുന്നു. ഇത് കോടതി അംഗീകരിക്കുകയായിരുന്നു.

കേസിലെ രേഖകൾ തേടി എസ്എഫ്ഐഒയ്ക്ക് കത്തയച്ചതായി മുതിർന്ന ഇഡി ഉദ്യോഗസ്ഥൻ വെളിപ്പെടുത്തിയിരുന്നു. എസ്എഫ്ഐഒ കുറ്റപത്രത്തിൽ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നതാണ്. അതിനാൽ രേഖകൾ പരിശോധിച്ചശേഷം കേസ് രജിസ്റ്റർ ചെയ്യുമെന്നും മുതിർന്ന ഇഡി ഉദ്യോഗസ്ഥൻ കഴിഞ്ഞദിവസം ഒരു ദേശീയ മാദ്ധ്യമത്തോട് പറഞ്ഞിരുന്നു.

അതേസമയം, സിഎംആർഎൽ - എക്സാലോജിക് കരാറിലെ എസ്എഫ്ഐഒ റിപ്പോർട്ട് അന്വേഷണ റിപ്പോർട്ടായി പരിഗണിക്കാമെന്ന് വിചാരണക്കോടതി വ്യക്തമാക്കിയിരുന്നു. കുറ്റം ചുമത്തുന്നതിന് മതിയായ തെളിവുണ്ടെന്നും കോടതി ഉത്തരവിൽ പറയുന്നു. കമ്പനി നിയമത്തിലെ 129, 134, 447 വകുപ്പുകൾ നിലനിൽക്കും. കേസിൽ തുടർനടപടികൾ സ്വീകരിക്കാൻ പ്രിൻസിപ്പൽ സെഷൻസ് കോടതിക്ക് നിർദേശം നൽകി.

തുടർനടപടിയുടെ ഭാഗമായി വീണ ഉൾപ്പെടെയുള്ളവർക്ക് കോടതി സമൻസ് അയക്കും. പ്രഥമ ദൃഷ്ട്യാ കുറ്റം നിലനിൽക്കുമെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് കോടതിയുടെ തീരുമാനം. കേസിൽ നമ്പറിടുകയാണ് ആദ്യ നടപടി. ശേഷം സമൻസ് അയക്കും.

## ലോറി ഇടിച്ച് വിദ്യാർത്ഥി മരിച്ചു

കുന്നംകുളം: പെരുമ്പിലാവിൽ ചരക്ക് ലോറി ഇടിച്ച് വിദ്യാർത്ഥി മരിച്ചു. ഡക്ക് യാത്രക്കാരൻ ആയ പെരുമ്പിലാവ് സ്വദേശി ഗൗതം (17) വയസ്സാണ് മരിച്ചത്. ലോറി നിർത്താതെ പോയി

## പോലീസുകാരന് സസ്പെൻഷൻ

മാള: പോലീസിന് സസ്പെൻഷൻ. മാള നടയിൽ മെലഡോർ ജംഗ്ഷനിൽ വച്ച് അപകടം വരുത്തിയ ചാലക്കുടി ഹൈവേ പോലീസ് ഡ്രൈവറായ അനുരാജിനെയാണ് സസ്പെന്റ് ചെയ്തത് പോലീസുകാരൻ മദ്യലഹരിയിലാണ് വണ്ടി ഓടിച്ചത് വണ്ടിയിൽ നിന്ന് മദ്യക്കുപ്പിയും കണ്ടെടുത്തു.

**കോടതി പരസ്യം**

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 1706/2021

IA: 2/2022

ന്യൂ മില്ലേനിയം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ
-അന്യായം

മുകുന്ദപുരം താലൂക്ക് കൊറ്റനെല്ലൂർ വില്ലേജ് പട്ടേപ്പാടം ദേശത്ത് അലങ്കാരത്ത്പറമ്പിൽ മുഹമ്മദ്
-കൂടുതൽ 5-ാം എതൃകക്ഷി

മേൽനമ്പ്ര് കേസിലെ കൂടുതൽ 5-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന ടിയാന്റെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **10-06-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചു കെള്ളുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമോ മറ്റോ ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 12-04-2025
അന്യായഭാഗം അഡ്വക്കെറ്റ്
**റോബ്സൺ പോൾ** (ഒപ്പ്)

